# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 106 09.03.2015-ൽ മറുപടിക്ക്

## വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.മുരളീധരൻ<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.എ.റ്റി.ജോർജ്<br>ശ്രീ.എം.എ.വാഹീദ് | | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | i) 2011 ജൂൺ മാസം 10-ാം തീയതി പാരിസ്ഥിതികാഘാത പഠനം നടത്തുന്നതിനുള്ള 'Project Specific terms of reference' ന്റെ അംഗീകാരവും തുടർന്ന് 2011 ജൂലൈ മാസം 1-ാം തീയതി 'Site Specific terms of reference' ന്റെ അംഗീകാരവും കേന്ദ്ര സർക്കാരിൽ നിന്നും നേടിയെടുത്തു.<br>ii) 9000 TEU ശേഷിയുള്ള കപ്പലുകൾ അടുക്കുവാനാകുന്ന രീതിയിൽ IFC വിഭാവനം ചെയ്ത തുറമുഖ മാസ്റ്റർ പ്ലാൻ 18000 TEU വോ അതിൽ കൂടുതലോ ശേഷിയുള്ള കപ്പലുകൾ അടുക്കുവാനാകും വിധം 2012 നവംബർ മാസത്തിൽ തയ്യാറാക്കുകയുണ്ടായി<br>iii) പദ്ധതിയ്ക്ക് പാരിസ്ഥിതികാനുമതി 2014 ജനുവരി മാസം 3 ന ലഭിയ്ക്കുകയുണ്ടായി.<br>iv) പദ്ധതി നടപ്പിലാക്കുവാനായി 2013 ഡിസംബർ 4 ന് കരാറുകൾ പ്രസിദ്ധീകരിച്ചു. ടെൻഡർ സമർപ്പിക്കുന്നതിനുള്ള ദീർഘിപ്പിച്ച അവസാന തീയതി 2015 മാർച്ച് 25 ആണ്.<br>v) അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി കേന്ദ്ര സർക്കാരിൽ നിന്ന് ലഭ്യമാകുന്ന Viability Gap Fund (VGF) ലഭ്യമാക്കുന്നതിനു ശ്രമിയ്ക്കുകയും, തത്വത്തിലുള്ള അംഗീകാരം നേടിയെടുക്കുകയുമുണ്ടായി.<br>vi) പദ്ധതിയ്ക്ക് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം നൽകിയ |

| | | | |
|---|---|---|---|
| | | | പാരിസ്ഥിതികാനുമതിയ്ക്ക് എതിരെയും 2011 ലെ CRZ നിയമത്തെയും ചോദ്യം ചെയ്തു കൊണ്ടും ഹരിത ട്രൈബ്യൂണലിൽ നിലനിൽക്കുന്ന കേസുകളിൽ ചെന്നൈ ബെഞ്ചിൽ നടന്നുകൊണ്ടിരുന്ന കേസുകൾ കൂടി ഡൽഹി ബെഞ്ചിലേയ്ക്ക് മാറ്റുവാൻ 2014 ജൂലൈ 17 ൽ ഉത്തരവിടുകയുണ്ടായി. കേരള സർക്കാരും തുറമുഖ കമ്പനിയും ഈ തീരുമാനത്തെ ചോദ്യം ചെയ്ത് കൊണ്ട് സുപ്രീം കോടതിയിൽ ഹർജി നൽകുകയും, 2015 ജനുവരി 21 ന് ഹരിത ട്രൈബ്യൂണലിന്റെ നടപടികൾ സുപ്രീം കോടതി 'സ്റ്റേ' ചെയ്യുകയുമുണ്ടായി. പ്രസ്തുത വിഷയം സുപ്രീം കോടതി 2014 മാർച്ച് മൂന്നാം വാരം വീണ്ടും പരിഗണിയ്ക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിക്ക് പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ബി) | 2006 ലെ പാരിസ്ഥിതികാഘാത നിർണ്ണയ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിരുന്നതനുസരിച്ച് ഏതാണ്ട് 18 മാസം നീണ്ടു നിന്ന പാരിസ്ഥിതികാഘാത പഠനം നടത്തുകയും റിപ്പോർട്ട് 2013 മേയ് മാസത്തിൽ പ്രസിദ്ധീകരിക്കുകയും, പബ്ളിക് ഹിയറിംഗ് നടത്തുകയും, തുടർന്ന് കേന്ദ്ര മന്ത്രാലയത്തിന് 2013 ഒക്ടോബർ മാസത്തിൽ സമർപ്പിക്കുകയും 2014 ജനുവരി മാസം 3 ന് പാരിസ്ഥിതികാനുമതി നേടിയെടുക്കുകയും ചെയ്തു. |
| സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ടെണ്ടർ നടപടികളുടെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കുമോ; | (സി) | 2013 ഡിസംബർ മാസം 4 -ാം തീയതി പദ്ധതിയുടെ നിർമ്മാണം/നടത്തിപ്പിനായുള്ള ടെണ്ടർ വിജ്ഞാപനം ചെയ്തു. തുറമുഖ നടത്തിപ്പിനായി അഞ്ചു കമ്പനികൾ യോഗ്യത നേടുകയും, ഇവരിൽ മൂന്നു കമ്പനികൾ (Essar Ports Ltd, SREI-OHL Consortium, Adani Ports & Special Economic Zone Ltd) ടെണ്ടറിന്റെ അടുത്ത ഘട്ടത്തിലേയ്ക്കുള്ള RFP വാങ്ങുകയുമുണ്ടായി. കേന്ദ്ര സർക്കാരിന്റെ VGF അനുമതി ലഭ്യമാകാനുണ്ടായ കാലതാമസം കണക്കിലെടുത്ത് ടെണ്ടർ സമർപ്പിക്കുവാനുള്ള തീയതി നീട്ടുകയുണ്ടായി. ടെണ്ടർ സമർപ്പിക്കുന്നതിന് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന സമയപരിധി 2015 മാർച്ച് 25 വരെയാണ്. |

| | | | |
|---|---|---|---|
| (ഡി) | പദ്ധതിയനുസരിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ തുടങ്ങാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഡി) | പദ്ധതി നിർമ്മാണം/നടത്തിപ്പിനുമായുള്ള കരാറുകാരനെ കണ്ടെത്തി കരാർ ഉറപ്പിച്ചാൽ പരമാവധി ഒൻപത് മാസത്തിനുള്ളിൽ നിർമ്മാണ പ്രവർത്തികൾ തുടങ്ങുവാൻ സാധിക്കും. |
| (ഇ) | പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ മിഷൻ 676-ൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് വിശദമാക്കാമോ ? | (ഇ) | മിഷൻ 676 - ൽ ഉൾപ്പെട്ടിട്ടുള്ള നവരത്ന പദ്ധതികളിൽ ഒന്നാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി |

സെക്ഷൻ ഓഫീസർ